

# എസ്.എൻ.ഡി.പി എൽ പി സ്കൂൾ

## തിരുമേനി


പയ്യന്നൂർ ഉപജില്ല

തിരുമേനി പി.ഒ 670 511

### ഗുണമേന്മയുള്ള വിദ്യാഭ്യാസം
### ഓരോ കുട്ടിയുടെയും അവകാശം.

# അക്കാദമിക മാസ്റ്റർ പ്ലാൻ

**2025-26**



# ഉള്ളടക്കം


❖ അടിസ്ഥാന വിവരങ്ങൾ

❖ ആമുഖം

❖ ചരിത്ര വിശേഷം

❖ അവസ്ഥ വിശകലനം

❖ പൊതുലക്ഷ്യങ്ങൾ

❖ നേട്ടങ്ങൾ പ്രതിസന്ധികൾ- പരിമിതികൾ

❖ അക്കാദമിക മികവിനായി നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ

❖ (ക്ലാസ് തല ആക്കാദമിക മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ )

❖ സ്കൂൾ തനത് പ്രവർത്തനങ്ങൾ - വിശദാംശങ്ങൾ

# അടിസ്ഥാന വിവരങ്ങൾ

വിദ്യാലയത്തിന്റെ  പേര്: എസ് എൻ ഡി പി എൽ പി  സ്കൂൾ തിരുമേനി

വിലാസം : തിരുമേനി പി ഒ , 670 511

സ്കൂൾ കോഡ് : 13929

വിദ്യാഭ്യാസ ഉപജില്ല : പയ്യന്നൂർ

വിദ്യാഭ്യസ ജില്ല : തളിപ്പറമ്പ്

റവന്യൂ ജില്ല : കണ്ണൂർ

ബി ആ. സി : പയ്യന്നൂർ

പഞ്ചയാത്തു : ചെറുപുഴ

ജില്ലാ പഞ്ചായത്തു : കണ്ണൂർ

താലൂക്ക് : പയ്യന്നൂർ

വില്ലേജ് : തിരുമേനി

വാർഡ് : 11

ഇമെയിൽ : hmsndplpsthirumeni@gmail.com

മൊബൈൽ : 9447483330

# ആമുഖം

ഗുണമേന്മയുള്ള വിദ്യാഭ്യാസം ഓരോ കുട്ടിയുടെയും അവകാശമാണെന്ന പ്രഖ്യാപനം അതിനുമപ്പുറം ഒരു പ്രതിജ്ഞയായി ഈ അധ്യയനവർഷവും തിരുമേനി എസ്.എൻ.ഡി.പി എൽ.പി സ്കൂൾ ഏറ്റെടുക്കുന്നു. കുട്ടികളുടെ വ്യക്തിത്വവികസനവും സമഗ്ര ഉന്നതിയും ലക്ഷ്യമാക്കി പ്രവർത്തനങ്ങളുടെ കൃത്യമായ രൂപരേഖയിലൂടെ നമ്മുടെ സ്കൂൾ മുന്നോട്ട് പോകുകയാണ്.

കേരള സർക്കാരിന്റെ സമഗ്ര ഗുണമേന്മ പദ്ധതി ഈ വർഷം മുതൽ സ്കൂളുകളിൽ സജീവമാക്കുന്നതോടെ, അധ്യാപനത്തിന്റെയും പഠനത്തിന്റെയും ഗുണനിലവാരം ഉറപ്പാക്കുന്നതിനായുള്ള നടപടികൾക്ക് കൂടുതൽ ദിശാബോധവും ലഭിക്കുന്നു. കുട്ടികളുടെ വൈവിധ്യമാർന്ന പഠനരീതികൾ മനസിലാക്കി ആവശ്യമായ ഇടപെടലുകൾ ലക്ഷ്യമിട്ടുള്ളതാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ.

ഈ പശ്ചാത്തലത്തിൽ അധ്യാപകരുടെയും രക്ഷിതാക്കളുടെയും സഹകരണത്തോടെ സ്കൂൾ തലത്തിൽ തയ്യാറാക്കുന്ന അക്കാദമിക് മാസ്റ്റർ പ്ലാൻ ഓരോ അധ്യാപകനും ഓരോ ക്ലാസ്സിനും വ്യക്തമായ പദ്ധതികളായി എത്തുന്നു. ക്ലാസ് തലത്തിൽ കുട്ടികളുടെ പ്രായത്തിനും നിലവാരത്തിനും അനുസൃതമായ രീതിയിൽ പാഠ്യപദ്ധതികളും പഠനപ്രവർത്തനങ്ങളും ആസൂത്രണം ചെയ്യുന്നു. ഈ പ്ലാൻ, അധ്യാപകർക്ക് അധ്യാപനത്തിൽ വ്യക്തതയും ദിശയും നൽകുകയും, പഠനമികവിൽ വളർച്ചയുണ്ടാക്കാൻ കുട്ടികളെ സഹായിക്കുകയും ചെയ്യും.

# അവസ്ഥാ വിശകലനം

2025 26 അധ്യയന വർഷം നാലുവരെ ക്ലാസുകളിൽ ആയി 60 വിദ്യാർത്ഥികളും 4 അധ്യാപകരും ആണ് ഉള്ളത്. കൂടാതെ പ്രീ പ്രൈമറി വിഭാഗത്തിൽ 15 കുട്ടികളും 2 അധ്യാപകരും ഉണ്ട് 120 അടി നീളമുള്ള ടൈലിട്ടു മനോഹരമാക്കിയ കെട്ടിടത്തിൽ 6 ക്ലാസുകൾ പ്രവർത്തിക്കുന്നു. പുറമേയുള്ള ഒറ്റമുറി സ്റ്റേജിലാണ് ഒരു ക്ലാസ് പ്രവർത്തിക്കുന്നത്.സ്കൂളിലെ 120 അടി നീളമുള്ള ഹാളിന്റെ മേൽക്കൂര ആസ്ബസ്റ്റോസ് ഷീറ്റുകളാൽ മേഞ്ഞതാണ്. കാലക്രമേണ ഈ മേൽക്കൂര ദുർബലമായത് മൂലം സുരക്ഷാരഹിതമായി മാറുകയും പാഠ്യ പാഠ്യേതര പ്രവർത്തനങ്ങൾക്ക് ഈ ഹാൾ ഉപയോഗിക്കാനുള്ള സാധ്യത ഇല്ലാതാകുകയും ചെയ്തു. നല്ലവരായ നാട്ടുകാരുടെയും സ്കൂൾ മാനേജ്മെന്റിന്റെയും വികസന സമിതിയുടെയും സംയുക്ത ശ്രമഫലമായി, 2025–26 അധ്യയന വർഷത്തിൽ ഹാൾ പുനർനിർമ്മിക്കാൻ തീരുമാനിക്കപ്പെട്ടു. അപകടസാധ്യത ഉള്ള ആസ്ബസ്റ്റോസ് ഷീറ്റുകൾ പൂർണമായും നീക്കം ചെയ്തു, കുട്ടികൾക്ക് സുരക്ഷിതവും ഉത്സാഹജനകവുമായ പഠനപരിസരം ഒരുക്കുന്നതിനായി നവീന വസ്തുക്കളുപയോഗിച്ച് പുതുക്കി നിർമ്മിക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിരിക്കുകയാണ്. പുതുതായി പണികഴിപ്പിച്ച പാചകപ്പുര നല്ല നിലവാരമുള്ളതാണ്.ഒരേക്കർ സ്ഥലത്ത് ഫലവൃക്ഷങ്ങളും തണൽ വൃക്ഷങ്ങളും സമൃദ്ധിയായിട്ടുണ്ട് പൂന്തോട്ടവും പച്ചക്കറിത്തോട്ടവും പരിപാലിച്ചുവരുന്നു. ആവശ്യത്തിന് ശുചിമുറികൾ ലഭ്യമാണ്. ശുദ്ധമായ കുടിവെള്ളം യഥേഷ്ടം ലഭ്യമാണ്. ചുറ്റുമതിൽ ഉണ്ടെങ്കിലും അനാകർഷകമാണ്. കുട്ടികളുടെ പാർക്കിൽ കളി ഉപകരണങ്ങൾ കുട്ടികൾക്ക് അനുയോജ്യമായ രീതിയിൽ ഒരുക്കിയിട്ടുണ്ട് മഴക്കാലത്ത് അസംബ്ലി നടത്തുന്നതിനും മാസ് ഡ്രിൽ ഉൾപ്പെടെ നടത്തുന്നതിനും സൗകര്യം കുറവാണ്. പി ടി എ, മദർ പി ടി എ എന്നിവ ശക്തമായി പ്രവർത്തിച്ചുവരുന്നു. സ്കൂൾ വികസന സമിതിയും പൂർവവിദ്യാർത്ഥി സംഘടനയും സജീവമായി പ്രവർത്തിച്ചുവരുന്നു.

# ചരിത്രം

കണ്ണൂർ ജില്ലയിലെ കിഴക്കൻ മലയോര പഞ്ചായത്തായ ചെറുപുഴയിലെ തിരുമേനി ഗ്രാമത്തിലാണ് തിരുമേനി എസ്എൻഡിപി എൽ പി സ്കൂൾ സ്ഥിതി ചെയ്യുന്നത്. മലനിരകളാൽ കോട്ടകെട്ടിയ തിരുമേനി ഗ്രാമത്തിലെ താമസക്കാരിൽ ഭൂരിപക്ഷവും കർഷകരും കർഷക തൊഴിലാളികളുമാണ്. 1961 മെയ് 25ന് നാട്ടുകാർ നിർമ്മിച്ച മുളയും ഓലയും കൊണ്ടുള്ള കെട്ടിടത്തിൽ സ്കൂൾ അനൗദ്യോഗികമായി പ്രവർത്തനമാരംഭിച്ചു. 1964 മെയ് 20ന് Go(ms) No : 220/64/Edn/dt 20.4.1964 നമ്പർ ഉത്തരവ് പ്രകാരം സ്കൂളിന് അംഗീകാരം ലഭിച്ചു. എസ്എൻഡിപി തളിപ്പറമ്പ് താലൂക്ക് യൂണിയന്റെ നേതൃത്വത്തിലുള്ള മാനേജിംഗ് കമ്മിറ്റിയാണ് സ്കൂളിന്റെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത്. ശ്രീ.പി ആർ ഭരതൻ സ്കൂൾ മാനേജിംഗ് കമ്മിറ്റി പ്രസിഡണ്ടും ശ്രീ കെ.ഡി ഉദയൻ മാനേജരും ആണ്. ശ്രീ കെ.സി പ്രസൂൺ പിടിഎ പ്രസിഡണ്ടും ശ്രീമതിദീപ സിജോ മദർ പി ടി എ പ്രസിഡണ്ടും ആണ്. ശ്രീ പി.എം സെബാസ്റ്റ്യൻ ആണ് ഇപ്പോഴത്തെ പ്രധാനധ്യാപകൻ. ആയിരക്കണക്കിന് കുരുന്നുകൾക്ക് അക്ഷരവെളിച്ചം പകർന്ന വിദ്യാലയത്തിന്റെ പഴയ പ്രതാപത്തിനും പ്രൗഢിക്കും കാലത്തിന്റെ കുത്തൊഴുക്കിൽ അല്പം മങ്ങലേറ്റെങ്കിലും അതിനെ മറികടന്ന് വിജയതീരത്തണയാനുള്ള കഠിന ശ്രമത്തിലാണ് അധ്യാപകരും പിടിഎയും മാനേജ്മെന്റും പ്രതിസന്ധികളെ അതിജീവിച്ച് വിജയപാതയിൽ തിരിച്ചെത്തുന്ന കാലം വിദൂരമല്ല. കാത്തിരിക്കുന്ന ആ ഭാവിക്ക് ബലമായ പാതയൊരുക്കുകയാണ് ഈ സ്കൂൾ ഇന്നിവിടെയെന്നതിൽസംശയമില്ല.

# പ്രതിസന്ധികൾ പരിമിതികൾ

- ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ ഫണ്ട് ഇല്ലാത്തത്.
- ക്ലാസ് മുറികളിൽ ഐസിടി സാധ്യതകൾ ഉപയോഗിക്കാൻ പറ്റുന്ന തരത്തിലുള്ള വയറിങ് ലഭ്യമല്ലാത്തത്.
- നിലവാരമുള്ള കളിസ്ഥലം,കളി ഉപകരണങ്ങൾ പരിശീലകർ എന്നിവരുടെ അഭാവം
- സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന രക്ഷിതാക്കളെയും വിദ്യാർത്ഥികളെയും സഹായിക്കാൻ ആവശ്യമായ ഫണ്ടിന്റെ അഭാവം.
- മതിയായ വാഹന സൗകര്യം ഏർപ്പെടുത്താൻ കഴിയാത്തത്.
- അഞ്ചോളം അൺ എയ്ഡഡ് വിദ്യാലയങ്ങൾ വാഹനങ്ങളും മികച്ച ഓഫറുകളുമായി വിദ്യാർത്ഥികളെ ക്യാൻവാസ് ചെയ്യുമ്പോൾ അതിനെതിരെ പൊരുതാൻ ഇംഗ്ലീഷ് മീഡിയം ഡിവിഷൻ ഇല്ലാത്തത്.
- ലൈബ്രറി ലബോറട്ടറി എന്നിവയുടെ പരിമിതി.
- ഊട്ടുപുരയുടെ അഭാവം.

# നേട്ടങ്ങൾ

- മാലിന്യമുക്ത നവകേരളം ക്യാമ്പയിന്റെ ഭാഗമായി, വിദ്യാലയം ഹരിത വിദ്യാലയത്തിനായുള്ള സമഗ്രമായ ശ്രമങ്ങൾ നടത്തിയത് വഴി ഹരിത വിദ്യാലയം 10 സ്റ്റാർ പദവിനേടിയിരിക്കുന്നു. ചെറുപുഴ പഞ്ചായത്തിലെ ഏക വിദ്യാലയമായും, പയ്യന്നൂർ ബ്ലോക്കിലെ രണ്ട് സ്കൂളുകളിൽ ഒന്നായും ഈ അംഗീകാരത്തിന് അർഹത നേടിയതിൽ വിദ്യാലയം അഭിമാനിക്കുന്നു.
- 2024–25 അധ്യയന വർഷത്തെ എൽ.എസ്.എസ്. സ്കോളർഷിപ്പ് പരീക്ഷയിൽ, 4 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് കരസ്ഥമാക്കാൻ കഴിഞ്ഞു. ഈ നേട്ടം വിദ്യാലയത്തിലെ അക്കാദമിക നിലവാരത്തിന്റെ ഉയർന്ന നിലവാരം തെളിയിക്കുന്നു.
- ഉപജില്ലാ ശാസ്ത്രഗണിതശാസ്ത്ര പ്രവർത്തിപരിചയമേളയിൽ, വിദ്യാലയം ഉപ ജില്ലാ തലത്തിൽ രണ്ടാം സ്ഥാനം നേടി. ശാസ്ത്രീയ ചിന്തനശേഷിയും ഗവേഷണാത്മക സമീപനവുമുള്ള വിദ്യാർത്ഥികളെ വളർത്തിയെടുക്കുന്ന വിദ്യാലയ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമായി ഈ നേട്ടം കണക്കാക്കാം.

- ❖ പരിസ്ഥിതിയോടും ആരോഗ്യത്തോടുമുള്ള സ്നേഹത്തിന്റെ ഉദാത്ത മാതൃക വിദ്യാലയത്തിൽ അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും സംയുക്ത ശ്രമഫലമായി, സ്കൂളിൽ അനുയോജ്യമായ ഇടങ്ങളിലായി പച്ചക്കറി തോട്ടങ്ങൾ സജ്ജമാക്കി. ഈ പ്രവർത്തനം വിദ്യാർത്ഥികളിൽ പരിസ്ഥിതി ബോധവും കാർഷിക പശ്ചാത്തലത്തെ കുറിച്ചുള്ള അവബോധവുമെല്ലാം വളർത്തുന്നതിന് വഴിമരുന്നായി മാറി .
- ❖ കുട്ടികൾ സ്വന്തം പരിചരണത്താൽ ചെയ്ത പച്ചക്കറികൾ സ്കൂളിന്റെ ഉച്ചഭക്ഷണ പദ്ധതിക്ക് ഉപയോഗിക്കുന്നതോടൊപ്പം, അധികമായി ലഭിക്കുന്ന ഉൽപ്പന്നങ്ങൾ കുട്ടികൾക്ക് വീടുകളിലേക്ക് നൽകാനും സാധിച്ചു.
- ❖ ഇത് വിദ്യാർത്ഥികളിൽ ആത്മവിശ്വാസവും തൊഴിൽഗൗരവവും, ഉത്പാദനചിന്തയും വളർത്തുന്നതിന് സഹായിച്ചു. ഈ നൂതന ശ്രമം വിദ്യാലയത്തെ സുസ്ഥിര വികസന ലക്ഷ്യങ്ങളോടനുബന്ധിച്ചുള്ള മാതൃകാ വിദ്യാഭ്യാസ സ്ഥാപനമായി ഉയർത്തുന്നതിൽ വലിയ പങ്ക് വഹിച്ചു.
- ❖ പ്രത്യക്ഷവിജയങ്ങൾ മാത്രമല്ല, വിദ്യാർത്ഥികളുടെ ജീവിതനൈപുണ്യങ്ങൾ, സാംസ്കാരികസാഹിത്യ മൂല്യങ്ങൾ, സുസ്ഥിരമായ ശീലങ്ങൾ എന്നിവയുടെ വളർച്ചയും ഈ മാസ്റ്റർ പ്ലാൻ ലക്ഷ്യമിടുന്നു.

പൊതുവിദ്യാലയങ്ങളെ ഏറ്റവും പ്രഗത്ഭമായ വിദ്യാഭ്യാസ കേന്ദ്രങ്ങളായി മാറ്റാനുള്ള സർക്കാരിന്റെ ദൗത്യത്തിൽ ചെറുതായി കുറെ മാറ്റങ്ങൾ ഉാക്കാനും ഈ പദ്ധതിക്ക് സാധിക്കും.വിദ്യാഭ്യാസത്തെ കുടഞ്ഞു മനസ്സുകളുമായി ചേർത്ത് പുനർവിചിന്തനം ചെയ്യാനുള്ള അവസരമാണ് ഓരോ അക്കാദമിക് മാസ്റ്റർ പ്ലാനും. അതിനാൽ തന്നെ, ഈ പ്ലാൻ നമ്മുടെയൊക്കെ ധാരണകളും ആഗ്രഹങ്ങളും പങ്കുവച്ചുകൊണ്ടുള്ള സാഹോദര്യപൂർണ്ണ പദ്ധതികളായി നിലകൊള്ളും.

## അക്കാദമിക മികവിനായി നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ

| **ഭാഷ** | | | |
|---|---|---|---|
| **ലക്ഷ്യങ്ങൾ** | **പ്രവർത്തനങ്ങൾ** | | **ചുമതലകൾ** |
| | **STD 1, 2** | **STD 3, 4** | |
| കുട്ടികളെ സ്വതന്ത്രവായനക്കാരാക്കി മാറ്റുന്നു. | ഒന്നൊരുക്കം - STD 1 വായനോത്സവം, കഥോത്സവം വായനകൂടാരം, വായനമൂല,വായനക്കാർഡ് നിർമ്മാണം, വായിക്കാം എഴുതാം. | മധുരം മലയാളം ക്ലാസ് ലൈബ്രറി ശാക്തീകരണം. വായന കുറിപ്പ് ഹോം ലൈബ്രറി ഒരുക്കൽ, അമ്മ വായന. | 1,2,3,4 ക്ലാസുകളിലെ കുട്ടികൾ അധ്യാപകർ, രക്ഷിതാക്കൾ |
| കുട്ടികളെ സ്വതന്ത്രഎഴുത്തുകാരാക്കി മാറ്റുന്നു. | സംയുക്ത ഡയറി കുഞ്ഞെഴുത്തു, രചനോത്സവം, കുട്ടിപ്പത്രം തനിച്ചെഴുത്തു, അക്ഷരത്തെളിച്ചം പദ്ധതി. | സർഗാത്മകഡയറി എഴുത്തുകൂട്ടം അക്ഷരത്തെളിച്ചം പദ്ധതി. | 1,2,3,4 ക്ലാസുകളിലെ കുട്ടികൾ അധ്യാപകർ, രക്ഷിതാക്കൾ |
| **ഗണിതം** | | | |
| **ലക്ഷ്യങ്ങൾ** | **പ്രവർത്തനങ്ങൾ** | | **ചുമതലകൾ** |
| | **STD 1, 2** | **STD 3, 4** | |
| ഗണിതശേഷി വികസനം. ഗണിതപഠനം പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനും. | ഗണിത കേളികൾ. മഞ്ചാടിസഞ്ചി. എന്റെ കുഞ്ഞുപുസ്തകം. ഗണിതം ലളിതം പരിശീലന പദ്ധതി. | ഗണിത കേളികൾ Honesty Shop game | 1,2,3,4 ക്ലാസുകളിലെ കുട്ടികൾ അധ്യാപകർ, രക്ഷിതാക്കൾ |
| ഗണിതാശയങ്ങൾ അപഗ്രഥിക്കാനും വ്യാഖ്യനിക്കാനും ഉള്ള കഴിവ്കുട്ടികളിൽ വളർത്തുന്നു. | ഗണിത കേളികൾ Honesty Shop game | ഗണിതം ലളിതം പരിശീലന പദ്ധതി. | 1,2,3,4 ക്ലാസുകളിലെ കുട്ടികൾ അധ്യാപകർ, രക്ഷിതാക്കൾ |
| **ENGLISH** | | | |
| **ലക്ഷ്യങ്ങൾ** | **പ്രവർത്തനങ്ങൾ** | | **ചുമതലകൾ** |

| | **STD 1, 2** | **STD 3, 4** | |
|---|---|---|---|
| To develop listening And Speaking Skill. | Spoken English class.<br>Teacher conducts English classes in English. | Spoken English class.<br>Teacher conduct English classes in English | Children in grade 1, 2, 3 and 4, Teachers, Parents. |
| To develop creative writing and speaking in suitable contexts. Improve the confidence to perform language discourses by orally and written form. | • Skit and Dramatizations of stories.<br>• Do and Learn game.<br>• Word Pyramid.<br>• English dairy.<br>• English Magazine<br>• Choreography | • Skit and Dramatizations of stories.<br>• Do and Learn game.<br>• Word Pyramid.<br>• English Magazine<br>• Choreography | Children in grade 1, 2 ,3 and 4,Teachers, Parents. |
| **പരിസരപഠനം** | | | |
| **ലക്ഷ്യങ്ങൾ** | **പ്രവർത്തനങ്ങൾ** | | **ചുമതലകൾ** |
| | **STD 1, 2** | **STD 3, 4** | |
| ശാസ്ത്രപോഷണ പരിപാടി | പ്രകൃതി നടത്തം - ഫീൽഡ് ട്രിപ്പ്<br>ലഘു പരീക്ഷണങ്ങൾ<br>സ്കൂൾ പൂന്തോട്ടം<br>സ്കൂൾ പച്ചക്കറിത്തോട്ടം<br>പഴങ്ങൾ, പച്ചക്കറികൾ<br>പലഹാരങ്ങൾ-പ്രദർശനം | പ്രകൃതി നടത്തം - ഫീൽഡ് ട്രിപ്പ്<br>ലഘു പരീക്ഷണങ്ങൾ<br>സ്കൂൾ പൂന്തോട്ടം<br>സ്കൂൾ പച്ചക്കറിത്തോട്ടം<br>പഴങ്ങൾ,പച്ചക്കറികൾ<br>പലഹാരങ്ങൾ-പ്രദർശനം | 1,2,3,4 ക്ലാസുകളിലെ കുട്ടികൾ അധ്യാപകർ, രക്ഷിതാക്കൾ |
| ശാസ്ത്രീയവശങ്ങൾ മനസിലാക്കി നിരീക്ഷണങ്ങളിലൂടെ പരീക്ഷണങ്ങളും കണ്ടെത്തലുകളും | ലഘു പരീക്ഷണങ്ങൾ<br>ആൽബം നിർമ്മാണം<br>ശാസ്ത്രപതിപ്പുകൾ | ലഘു പരീക്ഷണങ്ങൾ<br>ആൽബം നിർമ്മാണം<br>ശാസ്ത്ര | 1,2,3,4 ക്ലാസുകളിലെ കുട്ടികൾ അധ്യാപകർ, രക്ഷിതാക്കൾ |

| | | | |
|---|---|---|---|
| നടത്തി സ്വന്തമായി നിഗമനങ്ങൾ രൂപപ്പെടുത്തുന്നു | | പ്പതിപ്പുകൾ | |

**ആരോഗ്യ -കായിക വിദ്യാഭ്യാസം**

| **ലക്ഷ്യങ്ങൾ** | **പ്രവർത്തനങ്ങൾ** | | **ചുമതലകൾ** |
|---|---|---|---|
| | **STD 1, 2** | **STD 3, 4** | |
| കായികക്ഷമത<br>പേശിവികാസം<br>അച്ചടക്കം ശാരീരിക മാനസീക വളർച്ച എന്നിവയുടെ അടിത്തറ രൂപപ്പെടുത്തൽ.<br>വിവിധ വ്യായാമമുറകളുടെ പരിശീലനം | Zumba പരിശീലനം.<br>നിർമ്മാണ പ്രവർത്തനങ്ങൾ.<br>ക്ലേ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ.<br>hula hoopവ്യായാമമുറകൾ (റിങ് ഡാൻസ്)<br>ആരോഗ്യ പരിശോധന<br>ബോർഡ് ഗെയിമുകൾ | Zumba പരിശീലനം.<br>നിർമ്മാണ പ്രവർത്തനങ്ങൾ.<br>ക്ലേ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ<br>hula hoopവ്യായാമമുറകൾ (റിങ് ഡാൻസ്)<br>ആരോഗ്യ പരിശോധന<br>ബോർഡ് ഗെയിമുകൾ. | 1,2,3,4 ക്ലാസുകളിലെ കുട്ടികൾ<br>അധ്യാപകർ,<br>രക്ഷിതാക്കൾ |

## സ്കൂൾ - തനതു പ്രവർത്തനങ്ങൾ വിശദാംശങ്ങൾ

## വായനത്തെളിച്ചം – ഓരോ കുട്ടിയും വായനയിലേക്ക്.

**പദ്ധതിയുടെ ലക്ഷ്യങ്ങൾ**

1. കുട്ടികളിൽ സ്വയം വായനാശീലം വളർത്തുക.
2. ഭാഷാ ജ്ഞാനം മെച്ചപ്പെടുത്തുക.
3. വായനാനുഭവം പങ്കുവെക്കുന്നതിലൂടെ സാമൂഹിക ഇടപെടലുകൾ വർദ്ധിപ്പിക്കുക
.

**പദ്ധതി നടപ്പിലാക്കുന്ന ക്ലാസുകൾ**

1 മുതൽ 4 വരെ ക്ലാസുകളിൽ

**കാലപരിധി**

ജൂൺ 19 , 2025 - മാർച്ച് 2026

### പ്രവർത്തന വിശദാംശങ്ങൾ

**ക്ലാസ്തല വായന**:

- ഓരോ ക്ലാസിലും വായന കോണുകൾ ഒരുക്കുന്നു.
- കുട്ടികൾക്ക് പത്രം, ബാലമാസിക, ലൈബ്രറി പുസ്തകങ്ങൾ എന്നിവ വായിക്കാനുള്ള സൗകര്യം ഒരുക്കുന്നു.
- ദിവസവും ക്ലാസ് സമയത്ത് ചെറിയ വായന സമയം ഏർപ്പെടുത്തുന്നു.

**സ്കൂൾതല വായന:**

- എല്ലാ ദിവസവും രാവിലെ ഓരോ ക്ലാസിൽ നിന്നും നിശ്ചിത എണ്ണം കുട്ടികൾ തിരഞ്ഞെടുത്ത പത്രം, ബാലമാസിക, പുസ്തകവിശേഷം, എന്നിവ മൈക്കിലൂടെ വായിക്കുന്നു.

- കുട്ടികളുടെ പ്രസന്റേഷൻ കഴിവുകൾക്കും വായനാശയങ്ങൾ പങ്കുവെക്കാനും അവസരം നൽകുന്നു.

**അസംബ്ലി വായന പ്രവർത്തനങ്ങൾ:**

- സ്കൂൾ അസംബ്ലിയിൽ വായനാ അവതരണങ്ങൾ.
- പത്രവായന
- കഥ വായന
- സാഹിത്യകാരന്മാരെ പരിചയപ്പെടുത്തൽ
- ആസ്വാദന കുറിപ്പുകൾ അവതരിപ്പിക്കൽ
- പുസ്തക പരിചയം ഇവ നടത്തുന്നു.

**വായനാ മത്സരങ്ങൾ:**

- കുട്ടികൾക്കും രക്ഷിതാക്കൾക്കും വേണ്ടി പ്രത്യേകം വായനാ മത്സരങ്ങൾ.
- വാർത്ത വായന മത്സരം

**സോഷ്യൽ മീഡിയ / മാധ്യമ പങ്കാളിത്തം:**

- പ്രാദേശിക ചാനലുകളിൽ കുട്ടികളുടെ വാർത്ത അവതരണം, ശിശുദിന പരിപാടി
- വാർത്ത ചാനൽ ഓഫീസ് സന്ദർശനം, റിപ്പോർട്ടിംഗ് , അഭിമുഖം

“**ഒരു പുസ്തകം വായിക്കുമ്പോൾ ഒരു ലോകം തുറക്കുന്നു.**



# എസ്. എൻ. ഡി. പി. എൽ. പി സ്കൂൾ

തിരുമേനി, പയ്യന്നൂർ സബ് ജില്ല